# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 24, വെള്ളി

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

### ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

*511. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് വാഗ്ദാനം ചെയ്തിരുന്ന ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് (എയിംസ്) വേണ്ടി എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്നും എത്ര ഏക്കറാണെന്നും വിശദമാക്കാമോ;

(ബി) എയിംസിന് സ്ഥലം കണ്ടെത്തിയെന്ന റിപ്പോർട്ട് എന്നാണ് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തതെന്ന് വെളിപ്പെടുത്താമോ;

(സി) എയിംസ് അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തു മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിന്റെ മറുപടി അനുകൂലമല്ലെങ്കിൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

### വേതന സുരക്ഷാപദ്ധതി

*512. ശ്രീ.പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേതന സുരക്ഷാപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ജല അതോറിറ്റിയിലെ റണ്ണിംഗ് കോൺട്രാക്ട്

*513. ശ്രീ.എസ്.രാജേന്ദ്രൻ

,, എളമരം കരീം

,, കെ.സുരേഷ് കുറുപ്പ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിലെ റണ്ണിംഗ് കോൺട്രാക്ടിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) കരാറുകാർ 80 കോടിയോളം രൂപ തട്ടിയെടുത്തെന്ന വാർത്തയെ കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) അതോറിറ്റിയിലെ ക്രമക്കേടുകൾ തടയാനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

എംപ്ലോയബിലിറ്റി സെന്ററുകൾ

*514. ശ്രീ.ഷാഫി പറമ്പിൽ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾക്ക് tുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

പിന്നോക്ക വികസന വകുപ്പിന്റെ പ്രവർത്തനം

*515. ശ്രീ.ബെന്നി ബെഹനാൻ

,, ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക വികസന വകുപ്പിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

സർക്കാർ ആരോഗ്യ മേഖല ശാക്തീകരിക്കാൻ നടപടി

*516. ശ്രീ.കെ.കെ.നാരായണൻ

,, കോടിയേരി ബാലകൃഷ്ണൻ

,, കെ.രാധാകൃഷ്ണൻ

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളെയും ജനറൽ ആശുപത്രികളെയും മെഡിക്കൽ കോളേജായി മാറ്റുന്ന നിലവിലെ രീതിക്കു പകരം പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാശുപത്രി വരെയുള്ള പ്രാഥമിക, ദ്വിതീയ ആരോഗ്യ മേഖല ശാക്തീകരിക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

<u>ക്ലിനിക്കൽ ലബോറട്ടറികൾ</u>

*517. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ലിനിക്കൽ ലബോറട്ടറികളിൽ യോഗ്യരായ ടെക്നീഷ്യൻമാരെ നിയമിക്കാത്തതു മൂലം കൃത്യതയില്ലാത്ത പരിശോധനാഫലം ലഭിക്കുന്നതിലൂടെ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ .</u>

*518. ശ്രീ.ചിറ്റയം ഗോപകുമാർ

,, പി.തിലോത്തമൻ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി വനിതാ കമ്മീഷന്റെയും വനിതാ സംഘടനകളുടെയും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോ;

(ബി) സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തന ലക്ഷ്യം എന്തെല്ലാമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റികളുടെ പ്രവർത്തനം എന്തായിരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) കമ്മിറ്റി രൂപീകരണത്തിനു ശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എത്രത്തോളം കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ</u>

*519. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, ഇ.പി.ജയരാജൻ

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണമുള്ള ദുരിതാശ്വാസം എന്തൊക്കെയെന്നും അത് ദുരിതബാധിതർക്കെല്ലാം ലഭ്യമാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) സാന്ത്വനവും നഷ്ടപരിഹാരവും അർഹരായ എല്ലാവർക്കും ലഭ്യമാക്കിയോ; ഇല്ലെങ്കിൽ അതിന്റെ കാരണം

വ്യക്തമാക്കാമോ;

(ഡി) വിക്ടിംസ് സെൽ പ്രതിമാസ യോഗം ചേരുന്നില്ലെന്നും പുനരധിവാസ-സാന്ത്വന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നില്ലെന്നുമുള്ള പരാതിയെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ?

ജലസമൃദ്ധ കേരളം പദ്ധതി

*520. ശ്രീ.ബി.ഡി. ദേവസ്സി

,, വി.ചെന്താമരാക്ഷൻ

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികളിൽ ഒന്നായി ഉൾപ്പെടുത്തിയിരുന്ന ജലസമൃദ്ധ കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

സ്കൂൾ ഹെൽത്ത് പദ്ധതി

*521. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയാന്തരീക്ഷം ആരോഗ്യപൂർണ്ണമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ബി) കുട്ടികളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാണപ്പെടുന്ന വിവിധ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ

*522. ശ്രീ.ടി.എൻ. പ്രതാപൻ

,, കെ.അച്ചുതൻ

,, വർക്കല കഹാർ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം

*523. ശ്രീ.ഇ.പി.ജയരാജൻ

,, കോടിയേരി ബാലകൃഷ്ണൻ

,, കെ.വി.അബ്ദുൾ ഖാദർ

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണശാലകൾ പരിശോധിച്ച് ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കുന്നതിൽ ഭക്ഷ്യ സുരക്ഷാ വിഭാഗം പരാജയപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ ഗുണനിലവാര പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(സി) സാമ്പിളുകൾ സമയബന്ധിതമായി പരിശോധിച്ച് പരിശോധനാഫലം ലഭിക്കാറുണ്ടോ;

(ഡി) ഓപ്പറേഷൻ രുചി എത്ര മാത്രം ഫലപ്രദമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ?

<u>ഭൂഗർഭജലത്തിലെ അമിത രാസമാലിന്യങ്ങൾ</u>

*524. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.എസ്.സുനിൽ കുമാർ

,, പി.തിലോത്തമൻ

,, മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കിണറുകളിൽ ഉൾപ്പെടെ ഭൂഗർഭജലത്തിൽ രാസമാലിന്യങ്ങൾ അമിതമായി കലർന്നിട്ടുണ്ടെന്ന കേന്ദ്ര ഭൂജല ബോർഡിന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വെള്ളം കുടിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് പഠന റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ടോ;

(സി) ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് നിശ്ചയിച്ച അനുവദനീയമായ അളവിലും കൂടുതലായി എന്തെല്ലാം രാസമാലിന്യങ്ങളാണ് ജലത്തിൽ അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ?

<u>അപകട ചികിൽസാ പദ്ധതി.</u>

*525. ശ്രീ.ഇ.കെ.വിജയൻ

,, ജി.എസ്.ജയലാൽ

,, വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ അപകട ചികിൽസാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അപകട ചികിൽസാ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഇതുവരെ എത്ര തുക ലഭിച്ചു;

(സി) അപകട ചികിൽസാ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം ധനസഹായമായി എത്ര തുക വിതരണം ചെയ്തു?

<u>വിനോദസഞ്ചാര മേഖലയിലെ താമസ സൗകര്യം</u>

*526. ശ്രീ.കെ.ശിവദാസൻ നായർ

,, സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ?

<u>തൊഴിൽ നിയമങ്ങളുടെ പരിഷ്കരണം</u>

*527. ശ്രീ.വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഗാന്ധിഗ്രാമം പദ്ധതി</u>

*528. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ ഗാന്ധിഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ചെറുകിട ജലസേചന പദ്ധതികളുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ</u>

*529. ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ജലസേചന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ചെറുകിട ജലസേചന പദ്ധതികൾ വികസിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ?

<u>ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി</u>

*530. ശ്രീ.കെ.എൻ.എ.ഖാദർ

,, വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ) യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സംസ്ഥാന ഏജൻസികളെയാണ് ഇതുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഏജൻസികളുടെ മുൻകാല പ്രവർത്തനമികവ് പരിഗണിച്ചിട്ടുണ്ടോ ; പദ്ധതി നടപ്പാക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

## ഭക്ഷ്യോല്പന്നങ്ങളിലെ വിഷാംശപരിശോധനാ സംവിധാനങ്ങൾ.

T *531. ശ്രീമതി.ഇ.എസ്.ബിജിമോൾ

,, ഗീതാ ഗോപി

ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ എല്ലാ ബ്രാൻഡ് ഭക്ഷ്യ ഉല്പന്നങ്ങളിലും വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പാചകം ചെയ്ത ഭക്ഷണ സാധനങ്ങളിൽ മായം കലർത്തുന്നത് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും പരിശോധന ലാബുകളുടെയും പ്രവർത്തനം തൃപ്തികരമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

## അടിയന്തിര ചികിത്സാ സഹായം

*532. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, സി.മമ്മൂട്ടി

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിൽപ്പെട്ടും അടിയന്തര ചികിത്സയ്ക്കുമായി ഏറ്റവും അടുത്തുള്ള ആശുപത്രികളിൽ പ്രവേശിപ്പിക്കാൻ നിർബന്ധിതരാവുന്ന രോഗികളുടെ അത്യാവശ്യ ചികിത്സയ്ക്കും അനുബന്ധ പരിശോധനകൾക്കുമുള്ള ചെലവുകൾക്ക് പണം കണ്ടെത്താനാവാതെ വരുന്ന സാഹചര്യം മൂലം ചികിത്സാ വൈകുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ സഹായികളായി പോകാൻ സന്മനസ്സുകാട്ടുന്നവർ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് പരിഗണിക്കുമോ ;

(സി) ഇത്തരം കേസ്സുകളിൽ അടിയന്തര ചികിത്സയ്ക്കും പരിശോധനയ്ക്കും ആവശ്യമെങ്കിൽ സാമ്പത്തിക സഹായം നല്കാൻ സൗകര്യം ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുമോ?

## കാൻസർ രോഗം ഉയർത്തുന്ന വെല്ലുവിളികൾ

*533. ശ്രീ.എം.എ. വാഹീദ്

,, ആർ . സെൽവരാജ്

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യശാസ്ത്ര മേഖലയിൽ കാൻസർ രോഗം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) കാൻസർ രോഗികളുടെ വർദ്ധനയ്ക്കുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ചികിത്സയോടൊപ്പം ഗവേഷണത്തിനും ഊന്നൽ നൽകി ക്യാൻസർ വ്യാപനം തടയുന്നതിനും ഫലപ്രദമായ നടപടി സ്വീകരിക്കുമോ ;

(സി) കാൻസർ രോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും രോഗത്തെ ഫലപ്രദമായി നേരിടുന്നതിനും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ?

<u>നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ</u>

*534. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങളിലും ഐ.ടി.ഐ, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലും നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ബി) നൈപുണ്യ പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ?

<u>വ്യാജഡോക്ടർമാരുടെ ചികിത്സ</u>

*535. ശ്രീ.ബാബു എം. പാലിശ്ശേരി

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ജെയിംസ് മാത്യു

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജഡോക്ടർമാർ ചികിത്സ നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഫലം വിശദമാക്കാമോ ;

(ബി) തിരുവനന്തപുരം ചുള്ളിമാനൂരിൽ സ്വകാര്യ ആശുപത്രിയിൽ വ്യാജ ഡോക്ടറുടെ ചികിത്സമൂലം ബാലിക മരിച്ചതിനെ തുടർന്ന് എന്തൊക്കെ പരിശോധനയും അന്വേഷണവും നടത്തിയെന്നും അതിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കാമോ ;

(സി) ഇത്തരം സംഭവങ്ങൾ തടയാൻ സംസ്ഥാനവ്യാപകമായി സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഇടങ്ങളിലും പരിശോധന നടത്താൻ നടപടിയെടുക്കുമോ ?

<u>മധുരപാനീയങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ</u>

*536. ശ്രീ.സി.മോയിൻ കുട്ടി

,, കെ.എം.ഷാജി

,, പി.ബി. അബ്ദുൾ റസാക്

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുരപാനീയങ്ങളുടെ ഉപയോഗം മൂലം ലോകത്ത് പ്രതിവർഷം രണ്ടുലക്ഷത്തോളം പേർ മരിക്കുന്നുണ്ടെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കൃത്രിമ ഹെൽത്ത് ഡ്രിങ്കുകളുൾപ്പെടെയുള്ള മധുര പാനീയങ്ങളുടെ നിർമ്മിതിയും വിപണനവും വ്യാപകമാകുന്നത് യുവജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ആശുപത്രികളിലെ സിസ്സേറിയൻ</u>

*537. ശ്രീ.ബി.സത്യൻ

ശ്രീമതി.കെ.കെ.ലതിക

,, പി. അയിഷാ പോറ്റി

,, കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ, വിശേഷിച്ച് സ്വകാര്യ ആശുപത്രികളിൽ, ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ള പരമാവധി പരിധിയായ 15 ശതമാനത്തിന്റെ മൂന്നു മടങ്ങിലധികം പ്രസവങ്ങൾ സിസ്സേറിയൻ രീതിയിൽ നടക്കുന്നതിന്റെ കാരണം എന്തൊക്കെയെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത് ;

(ബി) ഇതു നിയന്ത്രിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും അതിന്റെ ഫലമായി സിസ്സേറിയൻ രീതിയിലുള്ള പ്രസവങ്ങളുടെ നിരക്ക് കുറഞ്ഞോ എന്നും അറിയിക്കാമോ?

<u>മെഡിക്കൽ / ഡെന്റൽ കൗൺസിലിന്റെ അംഗീകാരം</u>

*538. ശ്രീ.സി.മമ്മൂട്ടി

,, പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കൗൺസിൽ, ഡെന്റൽ കൗൺസിൽ എന്നിവയുടെ അംഗീകാരം നഷ്ടമാകുന്നതുമൂലം സംസ്ഥാനത്തെ ഏതെങ്കിലും കോളേജുകളിൽ സീറ്റ് നഷ്ടമാകുന്ന സ്ഥിതി വിശേഷം നിലവിലുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) സംസ്ഥാനത്ത് എല്ലാ കോളേജുകളിലും കൂടി എത്ര സീറ്റുകളാണ് ഓരോ വിഭാഗത്തിലും ഉള്ളത് എന്നതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ, ഡെന്റൽ കൗൺസിലുകളുടെ പ്രതികൂല ഇടപെടൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾക്ക് നിർദ്ദേശം നൽകുമോ?

<u>ജീവനക്കാർക്കാർക്കുള്ള ഇ.എസ്.ഐ. ആനുകൂല്യങ്ങൾ</u>

*539. ശ്രീ.വി.ചെന്താമരാക്ഷൻ
,, പി.കെ.ഗുരുദാസൻ
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതി മുഖേന സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പദ്ധതിക്കുള്ള തുക ആരാണ് വഹിച്ചിരുന്നതെന്നും നിലവിൽ അതിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അത് എന്താണെന്നും വിശദമാക്കാമോ;

(സി) പദ്ധതി പ്രകാരമുള്ള ആനുകൂല്യം തൊഴിലാളികൾക്ക് തുടർന്നും ലഭിക്കാനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>വിദ്യാർത്ഥികൾക്ക് പരിശീലനം</u>

*540. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, കെ.ശിവദാസൻ നായർ
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ പരിശീലന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, 	പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, 	സെക്രട്ടറി.
16-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.